പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 712 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷണ പദാർത്ഥങ്ങളുടെ പരിശോധനാ സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | വിഷമുക്ത ഭക്ഷണ പദാർത്ഥങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നത് തടയുന്നതിന് സർക്കാർ നടപടികളുടെ ഭാഗമായി എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | എ) | പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം സംബന്ധിച്ച് പരിശോധന കർശനമാക്കിയതിലൂടെ അമിത അളവിൽ കീടനാശിനികൾ ഉപയോഗിച്ച പഴങ്ങൾ, പച്ചക്കറികൾ എന്നിവ സംസ്ഥാനത്തെത്തുന്നത് ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്ന് കണക്കാക്കുന്നു. കൂടാതെ പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനിയുടെ സാന്നിധ്യം ഒഴിവാക്കുന്നതിനുള്ള ലളിതമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിയ പരസ്യത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ